LIBRARY ARCHIVES Kerala Legislative Assembly

എസ്സി./എസ്റ്റി. വിദ്യാർത്ഥികളുടെ ബി.ഫാം. പ്രവേശനം

320 (1009) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.ഫാം. പ്രവേശനത്തിനായി അർഹത നേടിയ എസ്സി./എസ്ടി. വിദ്യാർത്ഥികളുടെ ലിസ്റ്റ്, എൽ.ബി.എസ്. ഇനിയും പ്രസിദ്ധീകരിക്കാത്തതുമൂലം പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മറ്റ് വിഭാഗത്തിൽപ്പെട്ട അർഹരായവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ച് പ്രവേശനം നടത്തി മാസങ്ങൾ പിന്നിട്ടിട്ടും എസ്സി./എസ്ടി. വിഭാഗക്കാരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ അവർക്കുള്ള അഡ്മിഷൻ യഥാസമയം ലഭിക്കാത്ത സാഹചര്യം പരിശോധിക്കുന്നതിനും ഇതിലുണ്ടായിട്ടുള്ള വീഴ്ച പരിഹരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ബി.ഫാം. പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചവരിൽ പ്രവേശന മാനദണ്ഡപ്രകാരം യോഗ്യത നേടിയ എസ്സി./എസ്റ്റി. അടക്കം എല്ലാ വിഭാഗക്കാരുടെയും പൊതുവായ റാങ്ക് ലിസ്റ്റും (സ്റ്റേറ്റ് മെരിറ്റ്) സംവരണാനുകൂല്യമുള്ള വിഭാഗക്കാരുടെ പട്ടിക തിരിച്ചുള്ള (കാറ്റഗറി) ലിസ്റ്റും 2-8-2015-ന് www.lbscentre.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അത് ഇപ്പോഴും നിലവിലുള്ളതിനാൽ അപേക്ഷാർത്ഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എല്ലാ വിഭാഗത്തിലുംപ്പെട്ട അർഹരായവരുടെ ലിസ്റ്റ് ഒരുമിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ എസ്.സി./എസ്.റ്റി. വിഭാഗക്കാർക്ക് യഥാസമയം അഡ്മിഷൻ ലഭിക്കാത്ത സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എസ്.എൻ.ഡി.പി. യോഗത്തിന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകിയ വായ്പ

321(1010) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എൻ.ഡി.പി. യോഗത്തിന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകിയ വായ്പയ്ക്ക് ഈടാക്കുന്ന പലിശനിരക്ക് എത്രയാണെന്നും ഗുണഭോക്താക്കളിൽനിന്നും ഈടാക്കേണ്ട പലിശനിരക്ക് എത്രയാണെന്നും പ്രത്യേകം പ്രത്യേകം അറിയിക്കുമോ ;